"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ജില്ലാ പഞ്ചായത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികകൾ വകുപ്പിന്റെ കേഡർ തസ്തികകളാക്കി നിയമനം നടത്തുന്നതിന് അനുമതി നല്കിയ ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1528/2024/LSGD തീയതി,തിരുവനന്തപുരം, 14-08-2024

---

പരാമർശം:-
1. സ.ഉ (പി) നം. 27/21/ധന, തീയതി 10/02/2021.
2. സ.ഉ (സാധാ) നം. 2069/2023/തസ്വഭവ, തീയതി 21.10.2023.
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 07-05-2024ലെ LSGD/PD/8956/2024-DEE4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ജില്ലാ പഞ്ചായത്തുകളിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം നടത്തിവന്നിരുന്ന 14 കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികകൾ ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കേഡർ തസ്തികകളാക്കിമാറ്റി പരാമർശം (2) പ്രകാരം ഉത്തരവായിട്ടുണ്ട്. ആയതിൽ 7 കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികകളിൽ വകുപ്പിലെ യോഗ്യതയുള്ള ലോവർ ഡിവിഷൻ ടൈപ്പിസ്റ്റുമാരിൽ നിന്ന് സ്ഥാനക്കയറ്റം മുഖേനയും, ബാക്കിയുള്ള 7 തസ്തികകളിൽ നേരിട്ടും നിയമനം നടത്തുന്നതിന് നിർദ്ദേശിച്ചിരുന്നു. സ്ഥാനക്കയറ്റം മുഖേന നിയമനം നടത്തേണ്ട 7 തസ്തികകൾ തദ്ദേശ സ്വയംഭരണ വകുപ്പ് ഏകീകരണത്തിനു മുമ്പ് നിലവിലുണ്ടായിരുന്ന വകുപ്പുകൾക്ക് ചുവടെ ചേർക്കുംവിധം വിഭജിച്ച് നൽകിയിട്ടുള്ളതുമാണ്.

| ക്രമ നം. | വകുപ്പിന്റെ പേര് | സ്ഥാനക്കയറ്റം വഴിയുള്ള നിയമനത്തിന് അനുവദിക്കാവുന്ന കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികകളുടെ എണ്ണം |
|---|---|---|
| 1. | ഗ്രാമവികസനം | 02 |
| 2. | പഞ്ചായത്ത് | 01 |
| 3. | എൽ ഐ ഡി & ഇ ഡബ്ല്യൂ | 02 |
| 4. | മുനിസിപ്പൽ കോമൺ സർവ്വീസ് | 01 |
| | | 01 |

| | | |
|---|---|---|
| 5. | എൽ എസ് ജി ഡി പ്ലാനിംഗ് | (ഏഴാമത്തെ തസ്തികയിൽ നിയമനത്തിന് ആദ്യ അവസരം ലഭിക്കുന്നതാണ്) |
| 6. | നഗരകാര്യം | 01<br>(എൽ എസ് ജി ഡി പ്ലാനിംഗ് വിഭാഗത്തിന് ലഭിച്ച തസ്തികയിൽ ഒഴിവ് വരുന്ന മുറയ്ക്ക് അവസരം ലഭിക്കുന്നതാണ്) |
| | **ആകെ** | **07** |

പ്രസ്തുത ഉത്തരവിൽ സ്ഥാനക്കയറ്റം മുഖേനയുള്ള നിയമനത്തിനുള്ള അർഹത ഏകീകൃത വകുപ്പിന്റെ വിശേഷാൽ ചട്ടങ്ങൾ നിലവിൽ വന്ന തീയതിയിൽ, ഏകീകരിക്കപ്പെട്ട വകുപ്പുകളിൽ ജോലി ചെയ്തിരുന്ന ലോവർ ഡിവിഷൻ ടൈപ്പിസ്റ്റുമാർക്ക് മാത്രമായി പരിമിതപ്പെടുത്തുന്നതിനും, ഓരോ വിഭാഗത്തിലും അപ്രകാരമുള്ള അവസാനത്തെ ഉദ്യോഗസ്ഥ/ ഉദ്യോഗസ്ഥനും സ്ഥാനക്കയറ്റം ലഭിച്ച് കഴിയുന്ന മുറയ്ക്ക് ഏകീകൃത വകുപ്പിന്റെ വിശേഷാൽ ചട്ടങ്ങൾ നിലവിൽ വന്ന തീയതിയ്ക്കു ശേഷം വകുപ്പിൽ ജോലിയിൽ പ്രവേശിച്ച ലോവർ ഡിവിഷൻ ടൈപ്പിസ്റ്റുമാരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി അതിൽ നിന്നും അർഹതയനുസരിച്ച് സ്ഥാനക്കയറ്റം നൽകുവാനും നിർദ്ദേശിച്ചിരുന്നു.

എന്നാൽ പരാമർശം (2) ഉത്തരവിന്റെ അടിസ്ഥാനത്തിൽ 14 ജില്ലാ പഞ്ചായത്തുകളിലെ 14 കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികകൾ ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കേഡർ തസ്തികകളാക്കി മാറ്റിയിട്ടുള്ളതിനാൽ ധനകാര്യ വകുപ്പിന്റെ പരാമർശം (1) ഉത്തരവിലെ അനുബന്ധം XI കോളം (g) പ്രകാരം കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് I, സീനിയർ ഗ്രേഡ്, സെലക്ഷൻ ഗ്രേഡ് തസ്തികകളുടെ റേഷ്യോ 1 : 1 : 1 : 1 ആയി ക്രമപ്പെടുത്തേണ്ടതായിട്ടുണ്ടെന്നും ടൈപ്പിസ്റ്റുമാർക്കു മാത്രമായി സ്ഥാനക്കയറ്റം നൽകുന്നതിനായി വിഭജിച്ച് നൽകിയ തസ്തികകളുടെ അടിസ്ഥാനത്തിൽ മുൻ വകുപ്പിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ജീവനക്കാർക്ക് റേഷ്യോ ഹയർ ഗ്രേഡ് പ്രൊമോഷൻ അനുവദിക്കുന്നതിന് ചില ജീവനക്കാർ അപേക്ഷ സമർപ്പിച്ചിട്ടുള്ളതായും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (3) പ്രകാരം അറിയിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (2) ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കേഡറിൽ അനുവദിക്കപ്പെട്ട 14 കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികകളിൽ 7 തസ്തികകളിലെ നിയമനം ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വിശേഷാൽ ചട്ടങ്ങൾ നിലവിൽ വന്ന തീയതിയിൽ, ഏകീകരിക്കപ്പെട്ട വകുപ്പുകളിൽ ജോലി ചെയ്തിരുന്ന ലോവർ ഡിവിഷൻ ടൈപ്പിസ്റ്റുമാരുടെ സ്ഥാനക്കയറ്റത്തിനായി മാത്രമായി പരിമിതപ്പെടുത്തുന്നതിനു പകരം ആയവ പരാമർശം (1) ഉത്തരവിലെ അനുബന്ധം XI കോളം (g) പ്രകാരം പുനഃക്രമീകരിക്കാനും അതിനനുസൃതമായി ഏകീകൃത വകുപ്പിന്റെ വിശേഷാൽ ചട്ടങ്ങൾ നിലവിൽ വന്ന തീയതിയിൽ ഏകീകരിക്കപ്പെട്ട വകുപ്പുകളിൽ ജോലി ചെയ്തിരുന്ന ലോവർ ഡിവിഷൻ ടൈപ്പിസ്റ്റുമാർക്ക് ബൈ ട്രാൻസ്ഫർ നിയമനം വഴി നിയമനം നൽകുവാനും വേണ്ട നടപടി സ്വീകരിക്കാൻ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവാകുന്നു.

പരാമർശം 2 പ്രകാരമുള്ള ഉത്തരവ് മേൽപ്പറഞ്ഞ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEEJA R S
**ജോയിന്റ് സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, സ്വരാജ് ഭവൻ, നന്തൻകോട്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം/തൃശ്ശൂർ.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂ മീഡിയ) വകുപ്പ്. (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ് (LSGD-ERA2/72/2024-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Suja M
സെക്ഷൻ ഓഫീസർ
Date: 14-08-2024 16:45:07

പകർപ്പ്- ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.